"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കന്ററിയിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളുടെ പുനഃക്രമീകരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

സ.ഉ.(സാധാ) നം.8329/2022/GEDN തീയതി,തിരുവനന്തപുരം, 22-12-2022

ഉത്തരവ്

2022-23 വർഷത്തെ ഹയർ സെക്കന്ററി ഒന്നാം വർഷ പ്രവേശന നടപടികൾ അവസാനിച്ചപ്പോൾ 71 സർക്കാർ സ്കൂളുകളിലെ 92 ബാച്ചുകളും 16 എയ്ഡഡ് സ്കൂളുകളിലെ ബാച്ചുകളും 25-ൽ താഴെ വിദ്യാർത്ഥികളുള്ള മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ പലയിടത്തും ആവശ്യമായ സീറ്റുകൾ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ സ്കൂൾ പ്രവേശനത്തിന് പ്രയാസപ്പെടുന്ന സാഹചര്യവുമുണ്ട്.പല സ്കൂളുകളിലും എസ്.എസ്.എൽ.സി വിജയിക്കുന്ന കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായല്ല ഹയർ സെക്കണ്ടറി സീറ്റുകൾ ഉള്ളത്. ഹയർ സെക്കണ്ടറി കോഴ്സ് നിലവിൽ ഇല്ലാത്ത ഹൈസ്കൂളുകളും ഉണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടുത്ത വർഷത്തെ ഒന്നാം വർഷ ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികളിലേക്ക് പോകുന്നതിനാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകളെ സംബന്ധിച്ചും അതിന്റെ പുനഃക്രമീകരണം സംബന്ധിച്ചും അടിയന്തര പഠനം നടത്തുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രൊഫ. വി.കാർത്തികേയൻ നായർ

(മുൻ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം) - ചെയർമാൻ

2. ശ്രീ. ബി.അബുരാജ് ( ഡയറക്ടർ, SIET) - കമ്മിറ്റി അംഗം

3. ഡോ.പി.എം. അനിൽ - കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, കോഴിക്കോട്)

4.ശ്രീ. അശോക് കുമാർ - കമ്മിറ്റി അംഗം

(റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി, ചെങ്ങന്നൂർ)

5.ശ്രീ. ആർ.സുരേഷ് കുമാർ

(ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി) -മെമ്പർ സെക്രട്ടറി

കമ്മിറ്റിയുടെ പഠന വിഷയങ്ങൾ

കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷാ വിജയം, സി.ബി.എസ്.ഇ ഉൾപ്പെടെയുള്ള ബോർഡുകളിൽ നിന്ന് പ്ലസ് വൺ പ്രവേശനം നേടുന്നവരുടെ ശരാശരി അപേക്ഷകരുടെ എണ്ണം, അഡ്മിഷൻ സ്റ്റാറ്റസ് എന്നിവ പരിഗണിച്ചുകൊണ്ട് പ്ലസ് വൺ അഡ്മിഷൻ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

- വിദ്യാർത്ഥികൾ കുറവുള്ള ഹയർ സെക്കന്ററി ബാച്ചുകൾ ഉണ്ടെങ്കിൽ സ്വീകരിക്കേണ്ടതായ നടപടികൾ
- നിലവിൽ അനുവദിച്ചിരിക്കുന്ന കോഴ്സ് കോമ്പിനേഷനുകളിൽ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് മാറ്റങ്ങൾ ആവശ്യമുണ്ടോയെന്നത് സംബന്ധിച്ച കാര്യങ്ങൾ
- സ്ഥിരമായി അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചിട്ടുള്ളതും വിദ്യാർത്ഥികളുടെ എണ്ണം തീരെ കുറഞ്ഞതുമായ ബാച്ചുകളിലും കോഴ്സ് കോമ്പിനേഷൻ മാറേണ്ടതുണ്ടെങ്കിൽ അത്തരം ബാച്ചുകളിലും സ്വീകരിക്കേണ്ട നടപടികൾ
- പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നതും പുതുതായി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ടോയെന്നതും സംബന്ധിച്ച്
- ഇതുവരെ തസ്തിക നിർണ്ണയം നടത്തിയിട്ടില്ലാത്ത ബാച്ചുകൾ നിലനിൽക്കുന്ന സ്കൂളുകളിൽ സ്വീകരിക്കേണ്ട നടപടികൾ
- താൽക്കാലിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിലും ,ബാച്ചുകൾ ട്രാൻസ്ഫർ ചെയ്ത് ലഭിച്ച സ്കൂളുകളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചും , ബാച്ചുകൾ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചും
- ഏകജാലക പ്രവേശന രീതികളിൽ മാറ്റങ്ങളാവശ്യമുണ്ടോയെന്നത് സംബന്ധിച്ചും
- ഹയർസെക്കന്ററി അൺ എയിഡഡ് സ്കൂളുകളിലെ ബാച്ചുകൾ പുനഃക്രമീകരിക്കേണ്ടതുണ്ടോയെന്നും, പുതിയ ബാച്ചുകൾ അനുവദിക്കേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും, സ്കൂളുകൾ നിർത്തലാക്കുക അഥവാ പുതുതായി അനുവദിക്കുക എന്നത് സംബന്ധിച്ചും,എയിഡഡ് സ്കൂളുകളിലെ മതിയായ എണ്ണം കുട്ടികളില്ലാത്ത ബാച്ചുകൾ തുടരേണ്ടതുണ്ടോയെന്നത് സംബന്ധിച്ചും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം,തിരുവനന്തപുരം.
കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള ,തിരുവനന്തപുരം.
ഡയറക്ടർ ,എസ്.സി.ഇ. ആർ.ടി, തിരുവനന്തപുരം.
ഡയറക്ടർ ,സീമാറ്റ് കേരള,തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ,കൈറ്റ് ,തിരുവനന്തപുരം. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡീയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 22-12-2022 13:23:41
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ